# യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവിന്റെ പരാമർശങ്ങളിൽ ഇന്ത്യ ശക്തമായി പ്രതിഷേധിച്ചു

മാർച്ച് 27, 2024

ഇന്ത്യയിലെ ചില നിയമ നടപടിക്രമങ്ങൾ സംബന്ധിച്ച് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് നടത്തിയ പരാമർശങ്ങളിൽ ശക്തമായ പ്രതിഷേധം അറിയിക്കുന്നു.

നയതന്ത്ര തലത്തിൽ, രാജ്യങ്ങൾ മറ്റുള്ളവരുടെ പരമാധികാരത്തെയും ആഭ്യന്തര കാര്യങ്ങളെയും ബഹുമാനിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സഹ ജനാധിപത്യ രാജ്യങ്ങളുടെ കാര്യത്തിൽ ഈ ഉത്തരവാദിത്തം വളരെ വലുതാണ്. അല്ലാത്തപക്ഷം അത് അനാരോഗ്യകരമായ കീഴ്‌വഴക്കങ്ങൾ സൃഷ്ടിച്ചേക്കാം.

ഇന്ത്യയിലെ നിയമ നടപടിക്രമങ്ങൾ വസ്തുനിഷ്ഠവും സമയബന്ധിതവുമായ തീർപ്പിന് പ്രതിബദ്ധതയുള്ള ഒരു സ്വതന്ത്ര നീതിന്യായവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ളതാണ്. അതിനെ അപകീർത്തിപ്പെടുത്തുന്ന പരാമർശങ്ങൾ അനാവശ്യമാണ്.

**ന്യൂഡൽഹി**
**മാർച്ച് 27, 2024**